# മദർഡോട്ട്കോം

## ഇ – മാഗസിൻ



**എം.പി.എസ്.ജി.വി.എച്ച്.എസ്.എസ്.വെള്ളിക്കോത്ത്**



ചീഫ് എഡിറ്റർ : അബ്ദുൾ ഹമീദ്.ടി.പി(എച്ച്.എം)

സ്റ്റാഫ് എഡിറ്റേഴ്സ് :ഷീബ.കെ.വി,രമാദേവി .എൻ.വി

സ്റ്റുഡന്റ് എഡിറ്റർ : തേജസ്.ആർ(ലിറ്റിൽ കൈറ്റ്സ് ലീഡർ)

: അനശ്രീ സുരേന്ദ്രൻ.എ.കെ(ലിറ്റിൽ കൈറ്റ്സ്ഡപ്യൂട്ടി ലീഡർ)

## എഡിറ്റോറിയൽബോർഡ്

- ശ്രീ. സുരേശൻ.വി(സ്റ്റാഫ് സെക്രട്ടറി)
- ശ്രീമതി. വിജയ.കെ.പി(എസ്.ആർ.ജി.കൺവീനർ)
- ശ്രീമതി. സബിത.ടി.ആർ(എസ്.ഐ.ടി.സി)
- ശ്രീമതി. പ്രിയ.എം.കെ(വിദ്യാരംഗം കൺവീനർ)
- ശ്രീ. ജയൻ.കെ(പി.ടി.എ.പ്രസിഡന്റ്)
- ശ്രീമതി.ഇന്ദു.പി(മദർ പി.ടി.എ.പ്രസിഡന്റ്)

# ടീം ലിറ്റിൽ കൈറ്റ്സ്

- അശ്വിൻ കുമാർ.കെ
- തേജസ്.ആർ
- ഹരിശങ്കർ.എ. പി
- അർജ്ജുൻ.കെ.വി
- നവീൻ കൃഷ്ണ.ടി
- അനഘ.എം
- ഭാഗ്യശ്രീ ചന്ദ്രൻ
- ശ്രീലക്ഷ്മി.എം.വി
- വീണ.കെ.വി
- നന്ദന.ആർ
- കീർത്തന.സി
- കാശിഷ് മുകേഷ്
- ദിവ്യശ്രീ.എം.ടി
- സുരഭി.കെ.വി
- സുസ്മരിയ ഷാജി
- മാധവൻ.കെ
- ആദിത്യൻ.എം
- അർജ്ജുൻ ഭാസ്കരൻ.എം
- നീരജ്.പി.പി
- അരുൺ.പി.വി
- ശ്രേയ.ആർ.ദാസ്
- ഉണ്ണിമായ.യു.കെ
- അനഘ.വി.വി
- ജാൻവി
- കൃഷ്ണപ്രഭ.പി
- അനുശ്രീ സുരേന്ദ്രൻ.എ.കെ
- ആദിത്യൻ.പി.എസ്
- അർജ്ജുൻ പ്രമോദ്.സി.പി
- സഞ്ജയ്.വി
- രാഹുൽ കൃഷ്ണ.വി
- ഗോപിക.കെ.നായർ
- അനശ്വര രഘു.എം
- ഋഷിരാജ്.വി
- കീർത്തന.കെ വി
- വരുൺ.കെ.അരവിന്ദ്
- ആദിത്യൻ.എം.വി
- ഗൗരിശങ്കർ.കെ
- അമിത്ത് മുരളി
- അർജ്ജുൻ.പി
- പ്രണവ്.എം.വി

# മദർ ഡോട്ട്കോം

-മുഖമൊഴി

സംസ്കാരത്തിന്റെ പുതിയ മഷി
കുഞ്ഞുവിരൽത്തുമ്പിലൂടെ ചിറകു
വിരിയുന്നു.

ലിറ്റിൽ കൈറ്റ്സിന്റെ മദർ ഡോട്ട്
കോം വർണപ്പതിപ്പായി പുതു
നാമ്പ് തേടുമ്പോൾ

അക്ഷരക്കൊയ്ത്തിന്റെ വായ്
ത്താരി അക്ഷര നീലിമയാൽ
നീന്തിത്തുടിക്കുന്നു

കൂട്ടം തേടിയുള്ള ഈ യാത്രയിൽ
മദർ ഡോട്ട് കോം ഒരു പുതുവഴിയാണ്.
ചീന്തിയിട്ട ഈ ശീലുകൾ
നറുമണം പൊഴിക്കട്ടെ.



-ചീഫ് എഡിറ്റർ

**താളുകളിലൂടെ**

*നമുക്കും ഹൈടെക്* ആകാം......6
ഹരിതോർജ്ജം-സാധ്യതകളും വെല്ലുവിളികളും......9
കാൻവാസ്......10
പ്രകൃതിയും സൗന്ദര്യവും......11
രോഗപ്രതിരോധവൽക്കരണം -പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും......12
സൗഹൃദം......13
ആർത്തു പെയ്യുന്ന മഴ......14
ശലഭം......15
പവിഴപ്പുറ്റുകളുടെ പ്രധാന്യം......18
ലഹരിയും യുവത്വവും......20

# നമുക്കും ഹൈടെക് ആകാം

വിവരസാങ്കേതികവിദ്യ അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്തും ഏതും ഗൂഗിൾ ചെയ്യാം,ആപ്പുകളിലൂടെ ജീവിതം എത്രയോ ലളിതമായി മാറി. സാമൂഹ്യമാധ്യമങ്ങളിലൂടെ സമൂഹത്തിലെ പരിഹരിക്കപ്പെടാതെ പല പ്രശ്നങ്ങൾക്കും പ്രതീക്ഷ ലഭിച്ചു. ഇത്രയും പുരോഗതി കൈ വരിച്ച സ്ഥിതിക്ക് അതിനെ പറ്റി അവബോധം ഇല്ലാത്തത് നമ്മുടെ ജീവിതനിലവാരത്തിലും സാരമായ വീഴ്ചകൾ ഉണ്ടാക്കും.

പഠനപ്രക്രിയകൾ ലളിതമാക്കാൻ വേണ്ടി ഒരുപാട് വെബ്സൈറ്റുകൾ ഇന്ന് നിലവിലുണ്ട്.... വ്യത്യസ്തവും ആകർഷണീയമായ അവതരണത്തിലൂടെ വിരസത ഒഴിവാക്കി പെട്ടെന്ന് കാര്യങ്ങൾ മനസിലാക്കാനും അവസരം ഒരുക്കുന്നവയാണ് ഇതൊക്കെ. ഒരുപാടു നേരം ഫോണിനും കമ്പ്യൂട്ടറിനും മുന്നിൽ ചിലവഴിക്കുന്ന നമുക്ക് എളുപ്പത്തിൽ ചെയ്യാവുന്നതാണ് ഇത്. ആശയങ്ങൾ ശരിയായി മനസിലാക്കുന്നതിൽ വരുന്ന വീഴ്ച ഒരു വിദ്യാർത്ഥിയുടെ മുന്നോട്ടുള്ള മുഴുവൻ പഠനത്തെയും ബാധിക്കുന്ന ഒരു പ്രശ്നമാണ്.

അതുകൊണ്ട് തന്നെ അടിസ്ഥാനത്തിലാണ് പ്രശ്നമെങ്കിൽഅത് മനസ്സിലാക്കുവാനും ആവശ്യമായ പരിഹാരം കണ്ടെത്തുവാനും ശ്രമിക്കേണ്ടത് ഓരോ വിദ്യാർത്ഥി തന്നെയാണ്. ഇതിനൊക്കെയും ഏറ്റവും മികച്ച രീതിയിൽ ഉച്ചമായ നിരക്കിൽ സഹായത്തിനായി നമ്മുടെ സർക്കാർവെബ്സൈറ്റുകൾ ഉള്ളപ്പോൾ അവ പ്രയോജനപ്പെടുത്താതെ പോകരുത്. മുന്നോട്ടുള്ള പഠനാവസരങ്ങളും ഓരോ കുട്ടിക്കും അനുയോജ്യമായ മേഖല കണ്ടെത്താനും മുന്നിലുള്ള അനവധി അവസരങ്ങൾ ഒക്കെയും കണ്ടെത്താനും മികച്ച വിദ്യാഭ്യാസം നേടാനും സാങ്കേതിക വിദ്യ നാം അതിന്റെ രീതിയിൽ പ്രയോജനപ്പെടുത്തണം.

നമുക്ക് അറിയാത്ത അല്ലെങ്കിൽ ശ്രദ്ധിക്കാതെ പോകുന്ന എത്ര സംസ്ഥാന -കേന്ദ്ര സ്കോളർഷിപ്പ് വർഷം പ്രതി അർഹിക്കുന്നവർക്ക് ലഭിക്കാതെ പോകുന്നു.ഇനിയും ഈ അജ്ഞതയിൽ അല്ലെങ്കിൽ നിസ്സംഗതയിൽ നാം ജീവിക്കരുത്. സ്മാർട്ട് ക്ലാസ്റൂമുകളിൽ ഇരുന്നു പഠിക്കുന്ന കുട്ടികളും സ്മാർട്ടായേ പറ്റൂ.

SITC

*SABITHA T R*

# തൂവൽസ്പർശം പോൽ.......

രമണി എം
പ്രൈമറി വിഭാഗം അധ്യാപിക

അന്നൊരു ഞായറാഴ്ചയായിരുന്നു.കെ കെ എൻ പരിയാരം സ്കൂൾ ബസ്റ്റോപ്പിൽ ഞാൻ ബസ്സുകാത്തുനിൽക്കുകയായിരുന്നു.മഴയുടെ വരവും ബസ്സിന്റെ വരവും ഒരുമിച്ചായിരുന്നു.നിനച്ചിരിക്കാതെ വന്ന മഴ എന്നെയാകെ നനച്ചു.ഞാൻ ധൃതിയിൽ ബസിൽ കയറി.നനഞ്ഞതിനാൽ ഇരിക്കാനൊന്നു മടിച്ച് ഞാൻ കമ്പിയിൽ തൂങ്ങിനിന്നു. പെട്ടെന്ന് എന്നെയാരോ വിളിക്കുന്നതുപോലെ എനിക്കുതോന്നി.ഞാൻ തിരിഞ്ഞുനോക്കി.ഒരു വൃദ്ധ ഒരു സീറ്റിൽ ഒറ്റയ്ക്കിരിക്കുന്നുണ്ട്.ഏകദേശം 80 വയസ്സ് പ്രായം വരും.അവരാകുമോ എന്നെ വിളിച്ചത്? ഞാനാലോചിച്ചു നിൽക്കെ വീണ്ടും അവർ വിളിച്ചു.കൂടുതലൊന്നും ചിന്തിക്കാതെ ഞാനവിടെ പോയിരുന്നു."മോളെന്താ സീറ്റുണ്ടായിട്ടും ഇരിക്കാത്തത്?" അവരുടെ ചോദ്യം ചിന്തയിൽനിന്നും എന്നെ ഉണർത്തി."ഒന്നുമില്ല,നനഞ്ഞിട്ടാ" എന്റെ മറുപടി കേട്ട് അവർ പല്ലില്ലാത്ത മോണ കാട്ടി ഒന്നു ചിരിച്ചു.നല്ല ഐശ്വര്യമുള്ള മുഖം.ഒരു കൊച്ചു കുഞ്ഞിന്റെ നിഷ്കളങ്കത ആ ചിരിയിൽ ഞാൻ കണ്ടു.ചന്ദനക്കുറിയും കാശിമാലയും അവരെ കൂടുതൽ സുന്ദരിയാക്കി.ഒറ്റമുടിപോലും നരച്ചിട്ടില്ലാത്ത ആ അമ്മയെ ഞാൻ അടിമുടി വീക്ഷിച്ചു."മോളാകെ നനഞ്ഞിട്ടുണ്ടല്ലോ......?കുടയെടുത്തില്ലേ?എന്നു ചോദിച്ചുകൊണ്ട് അവർ പേഴ്സ് തുറക്കുന്നത് ഞാൻ കണ്ടു.അതിൽ നിന്നും ഒരു വെളുത്ത തൂവാല പുറത്തെടുത്ത് നിറഞ്ഞ പുഞ്ചിരിയോടെ അവരെന്റെ നനവ് കൈയിലെ ഒപ്പിയെടുക്കുന്നത് ഞാൻ അമ്പരപ്പോടെ നോക്കിയിരുന്നു. മറുത്തൊന്നും പറയാൻ കഴിയാതെ ആ തൂവൽസ്പർശത്തിന്റെ കുളിരിൽ ഞാനൊരു നിമിഷം അലിഞ്ഞില്ലാതായതുപോലെ തോന്നി. ചുളിവുവീണ,വിറയാർന്ന അവരുടെ കൈകൾ ആ വെളുത്ത തൂവാലയുമായി എന്റെ മുഖവും തലയും തലോടുന്നത് ഒരു മായാവലയത്തിലെന്നപോലെ ഞാനനുഭവിച്ചു.അപ്പോഴും മോണകാട്ടി ചിരിക്കുന്ന ആ അമ്മയുടെ മുന്നിൽ ഞാൻ അനുസരണയുള്ള കുട്ടിയെപ്പോലെ ഇരുന്ന് തലകുനിച്ചു കൊടുത്തു.സ്നേഹത്തിന്റെ വേരറ്റുപോയിട്ടില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഞാനെന്റെ മനസ്സിനെ പാകപ്പെടുത്തിക്കൊണ്ടിരിക്കെ ആ അമ്മ ബസ്സിൽനിന്നിറങ്ങി നടന്നുനീങ്ങുന്നത് ഞാൻ നോക്കിയിരുന്നു.കുറച്ചുനടന്ന് അവരെന്നെ തിരിഞ്ഞുനോക്കി ചിരിച്ചു.സ്നേഹത്തിന്റെ ആ തൂവൽസ്പർശവും നിറഞ്ഞ പുഞ്ചിരിയും ഒരു തലോടലുംമറ്റുള്ളവർക്കു പകരാൻ എനിക്കുനൽകിയ ഒരു താക്കീതായിരുന്നു ആ ചിരി!!!

4

## നീലക്കുറിഞ്ഞികളിലെ
## ജൈവ ഘടികാരംന്ദന്ദന്ദ

ന്റാണ്ടുകളായി മുറ തെറ്റാതെ, പന്ത്രണ്ടുവർഷത്തെ ഇടവേളകളിൽന്ദ നീലക്കുറിഞ്ഞികൾ പൂക്കുന്നു. ഇപ്പോഴിതാ, വീണ്ടും പൂത്തുലഞ്ഞിരിക്കുന്നു ആനമലയിലെ കുറിഞ്ഞികൾ. കാലാവസ്ഥാ വ്യതിയാനം ഭീഷണിയായി നിൽക്കുമ്പോഴും കൃത്യമായി പൂക്കാൻ നീലക്കുറിഞ്ഞികളെ പര്യാപ്തമാക്കുന്ന അതിജീവനത്തിൻെറ ശാസ്ത്രം പരിശോധിക്കുന്നു.

നീലക്കുറവഞ്ഞികളുടെ പന്ത്രണ്ടുവർഷത്തിലൊരിക്കൽ മാത്രമുള്ള അത്യപൂർവമായന്ദ പൂവിടൽ ഓഗസ്റ്റിലാണ്. ജൂലായ് മുതലേ ആനമലയിലെ നീലക്കുറിഞ്ഞികൾ പൂത്തുതുടങ്ങും.ന്ദ നീലലോഹിതമായ ഒരു പരവതാനി വിരിച്ചപോലെ അവ ആ മലനിരകളെയൊക്കെ മൂടും . ഇത്ന്ദ സെപ്റ്റംബറും കടന്ന്ഒക്ടോബർ വരെ നീളും. ഇന്ത്യയിൽത്തന്നെ നീലക്കുറിഞ്ഞിൾന്ദന്ദ ഏറ്റവുമധികം തിങ്ങിനിറഞ്ഞുപൂക്കുന്നത് മൂന്നാർ മേഖലയിലാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്: ഏകദേശം മൂവായിരം ഹെക്ടറിലും അധികം. പൂവണിയുന്ന ഓരോ നീലക്കുറിഞ്ഞിച്ചെടിയുംന്ദ അതിൻെറ ജീവിതത്തിൽ ആദ്യവും അവസാനമായിട്ടാണ് പൂക്കുന്നത് എന്ന സവിശേഷതയുമുണ്ട്.പൂവിടുകയും ആ പൂവ് കായായി വിത്തിടുകയും ചെയ്യുന്നതോടെ ആ ചെടി നശിച്ചുപോവുകയാണ് ചെയ്യുന്നത്. ഇങ്ങനെ ജീവിതചക്രത്തിൽ ഒരിക്കൽമാത്രം പൂക്കുകയും പൂക്കുന്നതോടെ നശിക്കുകയും ചെയ്യുന്നന്ദ പ്രതിഭാസം സെമെൽപാരി എന്നാണ് അറിയപ്പെടുന്നത്. സെമെൽപാരി പ്രതിഭാസം പ്രകടിപ്പിക്കുന്ന അപൂർവ്വം ചെടികളിലൊന്നാണ് നീലക്കുറിഞ്ഞി. സസ്യലോകത്തിൽ പിന്നെ ഇതിനുദാഹരണമാവുന്നത് മുളകൾ മാത്രമാണ്.

ഇങ്ങനെയുണ്ടാവുന്ന ഓരോ വിത്തും മുളച്ച് ചെടിയായി വളർന്ന് വീണ്ടും പൂവിടാൻ പന്ത്രണ്ട് വർഷമെടുക്കും. പൂക്കാൻ പ്രായമാവുന്ന നീലക്കുറിഞ്ഞിച്ചെടികൾ മുപ്പത് മുതൽ അറുപത് സെൻറീമീറ്റർ വരെ പൊക്കത്തിൽ വളരും. പക്ഷെ, പന്ത്രണ്ട് വർഷമെന്ന കാലമെത്താതെ പൂക്കില്ല. നീലക്കുറിഞ്ഞി ഉൾക്കൊള്ളുന്ന സ്ട്രൊബൈലാന്തസ് എന്ന ജനുസ് ഏഷ്യയിലുടനീളവും ഓസ്ട്രേലിയയിലും കാണപ്പെടുന്ന ഒന്നാണ്. ന്ദ

ലോകത്തിലെമ്പാടുമായി, ഇതേ ജനുസിൽപ്പെട്ട 450–ഓളം ഇനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 156 എണ്ണം ഇന്ത്യയിൽത്തന്നെയാണ് കാണപ്പെടുന്നത്.ന്ദ അതിൽത്തന്നെ 43 എണ്ണം കേരളത്തിലുമാണ്. ആനമലയിലെ നീലക്കുറിഞ്ഞികൾ രണ്ടുകാലങ്ങൾ അനുസരിച്ചുള്ള പൂവിടലുകൾ പിൻതുടരുന്നതായി ഗവേഷകർന്ദ പറയുന്നു.അതിലൊന്നാണ്, 2006–ലും 2018–ലുമായി ഇപ്പോൾ പൂത്തിരിക്കുന്നത്. ഇതല്ലാതെ,2014–ൽ അവസാനമായി പൂത്ത ഒരിനമുണ്ട്. അത് 2002–ലാണ് ഇതിനുമുൻന്ദപ് പൂത്തത്. അതിന് 2026 ആയിരിക്കും അടുത്ത പൂക്കാലം.

നീലക്കുറിഞ്ഞികളുടെ കൂട്ടത്തോടെയുള്ള പൂവിടൽ ഒട്ടുവളരെ ചിത്രശലഭങ്ങളേയും ആകർഷിക്കാറുണ്ട്. നീലക്കുറിഞ്ഞിയുടെ പൂക്കളിൽ തേൻ കൂടുതലാണ്. അതുകൊണ്ട് അവ പ്രത്യേകതരം തേനീച്ചകളെ ആകർഷിക്കുന്നു. പതിനഞ്ചുവർഷത്തോളം കേടുകൂടാതിരിക്കാൻ കഴിയുന്നതാണ് നീലക്കുറിഞ്ഞിപ്പൂക്കളിൽ നിന്നുള്ള തേൻ.നീലക്കുറിഞ്ഞികളുടെ നിലനില്പ് സാധ്യമാക്കുന്ന ആവാസവ്യവസ്ഥയാണ് അമരാവതി നദിയിലെ നീരൊഴുക്ക് സാധ്യമാക്കുന്നത്. തമിഴ്നാടിൻെറ പ്രധാന ജലസ്രോതസ്സുകളിലൊന്നാണ് കാവേരിന്ദ നദിയുടെ കൈവഴികളിലൊന്നായ അമരാവതി. ഇരവിക്കുളം ദേശീയോദ്യാനത്തിൻെറ ഭാഗമായ മേഖലകളിലും നീലക്കുറിഞ്ഞിയുടെ പൂവിടൽ കാണാൻ വിനോദസഞ്ചാരികൾന്ദ എത്തുമെന്നാണ് പ്രതീക്ഷ.ദേശീയോദ്യാനത്തിൻെറ സുരക്ഷയ്ക്ക് ഇത്ന്ദ വെല്ലുവിളിയുയർത്തുമെന്നതിനാൽ നിയന്ത്രണനടപടികളെക്കുറിച്ച് സർക്കാർന്ദ ആലോചിക്കുന്നുണ്ട്. നീലക്കുറിഞ്ഞികൾ ശ്രദ്ധനേടുന്നുവെന്ന് മനസ്സിലാക്കിയ കാലം മുതൽ അവയെ നശിപ്പിക്കാനും ഈ മേഖലയിലെ കൈയേറ്റക്കാർ ശ്രമം നടത്തിയിരുന്നു.

ANASHWARA RAGHU M ന്ദ

IX E

# ഹരിതോർജ്ജം-സാധ്യതകളും വെല്ലുവിളികളും

ഊർജ്ജമില്ലെങ്കിൽ സർവ്വവും നിശ്ചലമാവും ലോകമാണെങ്കിൽ കടുത്ത ഊർജ്ജപ്രതിസന്ധ്യയുടെ നിഴലിലുമാണ്. ഫോസിൽ ഇന്ധനങ്ങളായ കൽക്കരി,പെട്രോളിയം,പ്രകൃതിവാതകം എന്നിവയെല്ലാം അതിവേഗമാണ് തീർന്നുകൊണ്ടിരിക്കുന്നത്. ഇവയുടെ ജ്വലനത്തിലൂടെ പുറത്തുവരുന്ന ഹരിതഗൃഹ വാതകങ്ങളാണെങ്കിൽന്ദ ആഗോളതാപനത്തിനു വഴിയൊരക്കി ഭൂമിയെ ചുട്ടുപഴുപ്പിച്ചു കൊണ്ടിരിക്കുകയും ചെയുന്നു. ലഭ്യമായിട്ടുള്ള മറ്റു ഊർജ്ജസ്രോതസ്സുകൾക്കാണെങ്കിൽ പരിമിതികൾ നിരവധി. അതുകൊണ്ടുതന്നെ പുത്തൻ പരിസ്ഥിതി സൗഹൃദ ഊർജ്ജസ്രോതസ്സുകളും ഊർജ്ജോല്പാദന്ദ നമാർഗ്ഗങ്ങളും തേടിയുള്ള യാത്രയിലാണ് ശാസ്ത്രലോകം. നിരന്തരമായ ഈ അന്വേഷണങ്ങൾ ഫലം കണ്ടു തുടങ്ങിയിരിക്കുന്നു. പരിസ്ഥിതി തിക്കോ ജീവജാലങ്ങൾക്കോ പോറൽ ഏൽപ്പിക്കാത്ത ഗ്രീൻ എനർജി എന്ന സ്വപനം അതിവിദൂരമല്ലാത്ത ഭാവിയിൽ തന്നെ യാഥാർതഥ്യമാവുമെന്നാണ് പരീക്ഷണ ശാലകളിൽ നിന്നുമുള്ള പ്രവചനം. ഗ്രീൻ എനർജി എന്ന സ്വപ്ന സാക്ഷാൽക്കാരത്തിനായി രസതന്ത്രവും ഊർജ്ജതന്ത്രവും ബയോടെക്നോളജിയും ഇലക്ട്രോണകളുമെല്ലാം കൈകോർത്തു കഴിഞ്ഞു.

**HARISANKAR M P**
**IX A**

# കാൻവാസ്

നരച്ച കൃഷ്ണമണിയിൽ ജീവിതം കറുപ്പകരുന്നു....
മരവിച്ച മസ്തിഷ്കങ്ങൾ നമ്മോട് കമ്പസാരിക്കുന്നു....
ചിറകറ്റ പൂമ്പാറ്റകൾ ഇഴഞ്ഞ് ഇഴഞ്ഞ് നീങ്ങവേ....
കാലം ക്ലോക്കിൽ തൂങ്ങിമരിക്കയായി....
പണിതീരാത്തചിത്രത്തിൽ കാൻവാസുകൾ
നിറംമങ്ങവേ....
ഈ തൂലികയും ഭ്രഷ്ടമായി എത്രകാലം....
ആത്മാവിൽ നിന്ന് ഉരുകിവീണ മഞ്ഞുതുള്ളി
ഓർമ്മയുടെ തീനാമ്പുമായ്
പ്രണയിക്കുമ്പോഴേക്കും
കാൻവാസിൽ എന്തോ നിഗൂഢത
ആരോ വരച്ചുചേർത്തു....
ഈ ഹൃദയത്തുടിപ്പുകൾ സാക്ഷിയാക്കി....
ഈ ആർത്തുപെയ്യുന്ന കണ്ണീർമവയിൽ പോലും

ഞാനേകയായ്യാത്രം....

ANUSHA.P

8C

## പ്രകൃതിയും സൗന്ദര്യവും

പ്രകൃതി എന്നും ജീവിക്കാൻ ഉദ്ബോധിപ്പിക്കുന്ന സൗന്ദര്യമാണ്.പ്രകൃതിയുടെ സൗന്ദര്യാംശങ്ങൾ ഓരോന്നും തന്നെ മനം കവരുന്ന കാഴ്ച്ചകളാണ്.പ്രകൃതിയുടെ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്ന ഊർജത്തെയാണ് നശിപ്പിക്കുന്നത്.പ്രകൃതി ഈ ഭൂമിഗോളത്തിന് വർണ്ണങ്ങൾ സമ്മാനിക്കുന്നത്.സിന്ദൂരശോഭ നൽകുന്ന ഉദയസൂര്യനെ വരവേൽക്കുന്ന പുലരി പ്രകൃതിയെ കൂടുതൽ മനോഹരിയാക്കുകയാണ്.പുലരിയിൽ ഇന്ന് നൽകുന്ന വരവേൽപ്പ് അറിയിക്കുന്ന കവികളും പുലരിയെ സൗന്ദര്യപൂർണ്ണമാക്കുന്നു.നിലാവിൽ മുങ്ങിപ്രകാശം പരത്തുന്ന രാത്രി ആകാശത്ത് പൂക്കൾ ചിന്നിച്ചിതറി പുഞ്ചിരിച്ച് നിൽക്കുകയാണ്.രാവും പകലും പ്രകൃതിയെ സൗന്ദര്യപൂർണമാക്കുകയാണ് ആകാശത്ത് വിരിയുന്ന ഏഴ് ഇതളുകളുള്ള പൂവ് കരഞ്ഞുനിന്ന ആകാശത്തിൻെറ കണ്ണീർമുത്തുകൾ അവസാനിപ്പിച്ചതായി അറിയിക്കുന്നു.ആകാശത്തുവിരിയുന്ന മഴവില്ല് മഴയുടെ തിരിച്ചുപോക്കിൻെറ വിളംബരസൂചികയാണ്.അത് മനോഹരമായ ദൃശ്യാവിഷ്ക്കാരത്തിലൂടെ കണ്ണിന് കുളിർമ നൽകുകയാണ്.ഭൂമിയുടെ ദാഹം ശമിപ്പിക്കുന്ന മഴ പ്രകൃതിയെ അലങ്കരിച്ച തോരണങ്ങൾ പോലെയാണ്.പ്രകൃതിയുടെ സ്നേഹത്തിൻെറ തലോടലാണ് ഇളം തെന്നൽ.ഇളം തെന്നലിൽ തലയാട്ടുന്നപുൽക്കൊടികളും പൂക്കളും പ്രകൃതിയുടെആനന്ദതതത്തെ സൂചിപ്പിക്കുന്നു.ആകാശത്ത് മഴയ്ക്ക് തൊട്ടുമുൻപ് വരുന്ന ഇടിയും മിന്നലും മഴയുടെ വരവിനെ സൂചിപ്പിക്കുന്നു.എല്ലാ ദൃശ്യാവിശ്ക്കാരങ്ങളും പ്രകൃതിയെ മനോഹരിയാക്കുന്നു.അതിനാൽ മനസ്സിന് സന്തോഷം നൽകുന്ന കാഴ്ച്ച പ്രകൃതിയിൽ നിന്ന് ആസ്വദിക്കുന്നത് എന്തിനെക്കാളും വലുതാണ്.പ്രകൃതി അതിൻെറ സൗന്ദര്യാംശങ്ങൾ കൊണ്ട് ഈ ലോകഗോളത്തെ പുതുക്കുകയാണ്.അത് നമ്മുടെ ജീവിതത്തിൽ ജീവിക്കാനുള്ള ഊർജമായിമാറുകയാണ്.അതുകൊണ്ടാണ് കവികൾ പ്രകൃതിയെക്കുറിച്ച് തൂലികയിലൂടെ ആസ്വദകർക്ക്സമ്മാനിക്കുന്നതും.പ്രകൃതിയുടെ സൗന്ദര്യാംശങ്ങൾ ഓരോന്നും മനസ്സിന് ആനന്ദം പകരുന്നു.

മിഥുന.കെ

9 എ

## രോഗപ്രതിരോധവൽക്കരണം -പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

അച്ചുകുത്തുന്ന വരെ പേടിച്ച് ഓടിയൊളിച്ചനാളുകൾ എന്നേ കഴിഞ്ഞു.ജീവിതശൈലീരോഗങ്ങൾക്കപോലുംവാക്സിൻ കണ്ടുപിടിക്കാനുള്ളനിരവധി വാക്സിനുകൾ ഓരോ വർഷവും പുതുതായെത്തുന്നു.പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ,നാട്ടു കടത്തിയെന്നു നമ്മൾ കരുതിയിരുന്ന പല സാംക്രമികരോഗങ്ങളും തിരിച്ചുവരികയാണ്.മലപ്പുറത്തെ ഡിഫ്ത്തീരിയ ബാധ ഒരുഉദാഹരണം മാത്രം.പ്രതിരോധമരുന്നകളോട് അകലം പാലിച്ചവരിലാണ് രോഗം പിടിമുറുക്കുന്നത്.ഈ സാഹചര്യത്തിൽ രോഗപ്രതിരോധവൽരണത്തിന്റെ പ്രസക്തിയുംപ്രാധാന്യവും വളരെയേറെയാണ്.സാംക്രമികരോഗങ്ങൾക്ക് കാരണമാകുന്നത് ബാക്ടീരിയയോ,വൈറസോ ഫംഗസോ ചിലയിനം വിരകളോ ആണ് ഈരോഗാണുക്കളെല്ലാം നമ്മുടെ ശരീരത്തിലെ രോഗപ്രതിരോധാവസ്ഥ നിരന്തരയുദ്ധത്തിലൂടെയാണ് ഇവയിൽനിന്നും നമ്മെരക്ഷിക്കുന്നത്.ആ പ്രതിരോധകവചത്തിന് ഏതെങ്കിലും വിധത്തിൽ പൂർണ്ണമായിപ്രവർത്തിക്കാൻ കഴിയാതെവരുമ്പോൾ നമ്മുക്ക് വിവധതരം രോഗങ്ങൾ വരുന്നു. രോഗാണുക്കൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് സ്പർശനം, വായു,വെള്ളം, പ്രാണികൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങൾ വഴിയാണ് പകരുന്നത് .വൈറസുകൾ നിരന്തരം ജനിതകമാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്നതിനാൽ പല വൈറൽ രോഗങ്ങളെപ്പോലും പൂർണ്ണസൗഖ്യംതരുന്ന മരന്നുപോലും കണ്ടുപിടിക്കാൻ കഴിയാറില്ല.വൈറൽരോഗങ്ങളെപ്പോലെ ശരീരത്തിലെ പ്രതിരോധസംവിധാത്തിന്റെ യുദ്ധമുറകൾക്കുമുന്നിൽ തോൽക്കുന്നവരല്ല പല ബാക്ടീരിയൻ രോഗങ്ങളുംസാധാരണ ആരോഗ്യവാനായ വ്യക്തിയെ അപേക്ഷിച്ചുനോക്കുമ്പോൾ ജനിച്ചു വീഴുന്ന കുട്ടികൾക്ക് രോഗപ്രതിരോധശേഷി വളരെ കുറവാണ്. അതുകൊണ്ടുതന്നെ അവർക്ക് ഈവകരോഗങ്ങൾ വരാനുള്ള സാധ്യതയും വളരെ ഏറെയാണ്.മാത്രമല്ല ഡിഫ്ത്തീരിയ,വില്ലൻ ചുമ,മെനിഞ്ചൈറ്റിസ് തുടങ്ങിയ രോഗങ്ങൾ കുട്ടികളെ കൂടുതലായി ബാധിക്കുന്നവയുമാണ് ഇതിന്റെയൊക്കെ യാഥാർത്ഥ പ്രശ്ന എന്താണെന്ന് വെച്ചാൽ വന്നു കഴിഞ്ഞാൽ ചികിത്സിക്കാൻ പ്രയാസമുള്ളതും വേഗത്തിൽപകരുന്നതുമായരോഗങ്ങളാണ് ഡിഫ്ത്തീരിയയും വില്ലൻചുമയും പോളിയോയും ക്ഷയവുമൊക്കെ.പോളിയോരോഗമൊക്ക വന്നാൽ ചികിത്സതന്നെയില്ല.രോഗം വരാതിരിക്കുക എന്നത് മാത്രമാണ് പലപ്പോഴും പ്രതിവിധി .അതിന് അത്രയും ശക്തമായ ഒരു പ്രതിരോധകവചം അത്യാവശ്യം.

അവിടെയാണ് പ്രതിരോധകുത്തിവെപ്പുകളുടെ പ്രസക്തി.

കീർത്തന.സി

# സൗഹൃദം

എൻ ആദ്യച്ചുവടുവയ്പ്പിൽ നിന്ന്
ഒരു സഹൃദപ്പക്ഷി പറന്നു പോയി
ആരോരുമില്ലാതെ അലഞ്ഞുനടന്ന ഞാൻ
ഒരു സൗഹൃദക്കടലിൽ കാവലായി
രണ്ടിണ പക്ഷികൾ പോൽ
ജീവിതം തുടരുന്നു പുതുജീവിതം
തേനും തേനീച്ചയും പൂവും പൂമ്പാറ്റപോൽ
രണ്ടിണ ചങ്ങാതിയായിഞ്ഞങ്ങൾ

-സാനിയ സതീശൻ

ന്ദ

## ആർത്തു പെയ്യുന്ന മഴ

കലിത്തുള്ളിയെത്തിയൊരു കാലവർഷത്തിൻ-
-വിലാപമായാ മാരി പെയ്തിറങ്ങി.
മനുഷ്യരാശിക്കായി കുടചൂടിനിൽക്കുന്ന
വൃക്ഷങ്ങളാകെയും പിഴുതെറിഞ്ഞു
തറപറ്റി നിൽക്കുന്ന പടവൃക്ഷങ്ങളാകെയും
മഹാമാരി പെയ്തതിൻ ബാക്കിപത്രം
മഴയാൽ നിറച്ചൊരു കുംഭമായ് ഭൂമിനിൻ
കണ്ണീരിലെല്ലാമൊലിച്ചുപോയി
വേനലാൽ താപത്തിൽ ഉരുകുളിർമ്മ
തന്നെന്റെ മനസ്സ് നീ ആശ്വസിച്ചു
നിൻ ദീർഘനിശ്വാസവും കണ്ണീരുമെല്ലാം
ഒരാശങ്കയായെന്റെ മനസ്സിനുള്ളാൽ,
ആർത്തിറങ്ങീ മഴ നനഞ്ഞോരു ഭൂമിയും
സൗഭഗ്യമൊക്കെയും കൊണ്ടുപോയിന്ദ
പ്രളയക്കെട്ടതിൽ ഒഴുകുന്നനേരത്ത്
എന്തുകൊണ്ടെന്നെ നീ നോക്കിയില്ല
കാർമേഘങ്ങളെല്ലാം മാഞ്ഞുതുടങ്ങിയെൻ
നിശ്വാസം ഞാനും പുറത്തുവിട്ടു
ജലദേവതയുടെ കോപത്തിനലകളാൽ
സങ്കടത്തീരമായ് മാറിഭൂമി

ശ്രീനന്ദ് ശങ്കർ 8F

# ശലഭം

ആരൊരും കാണതെ വീടിൻെറ വാതി-
ൽക്കൽ പറന്നെത്തിയ ശലഭമേ
നീയെൻ വീടിൻെറ പൂന്തോട്ടത്തിൽ
വന്നെത്തിയാൽ ഇളം തേൻ നൽകാം ഞാൻ
നിനക്ക് ഇളം തേൻ നൽകാം ഞാൻ

ശലഭമേ നിൻ സുരഭില നിമിഷം ഞാൻ
എൻെറതാക്കി മാററാം ഞാൻ
പൂന്തോട്ടത്തിൽ ഞാൻ വന്നെത്തിയാൽ നിൻെ
കൂട്ടുക്കാരിയാക്കാമോ നീയെൻ വാർമുടിക്കെട്ടിൽ
ഇരിക്കാമോ


മേട മാസത്തിൽ പൂക്കുന്ന പൂക്കളിൽ
ആദ്യം  മണത്തെത്തുന്നത് നീയാണല്ലോ
നീയാണല്ലോ.............?

അനുവിൻെറ വീടിൻെറ വാതിൽക്കൽ നീ
കൂട്ടുവച്ചൊരു  മുട്ടയിട്ടു
പ്യൂമ പൊട്ടി പുറത്തേക്കുവന്നെത്തി
നിന്നെപോലഴകുള്ള ശലഭം ഒരു
ചിത്രശലഭം
ആരൊരും കാണതെ വീടിൻെറ വാതിൽക്കൽ
വന്നെത്തിയ ശലഭമേ...............


ശ്രീനന്ദ് ശങ്കർ

8F




V143




V140


V-142


## പവിഴപ്പുറ്റുകളുടെ പ്രധാന്യം

മദർഡോട്ട്കോം

2016 നവംബറിൽ പാരീസിൽ നടന്ന ഇന്റർനാഷണൽ കോറൽ റീഫ് ഇനിഷ്യേറ്റീവാണ് 2018-നെ പവിഴപ്പുറ്റികളിടെ അന്താരാഷ്ട്രവർഷമായ് (International Year of the Reef) പ്രഖ്യാപിച്ചത്. പവിഴപ്പുറ്റികളുടെ അനുബന്ധ ജൈവവ്യവസ്ഥകളിടെയും പ്രാധാന്യത്തെക്കുറിച്ചും അവസംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ലോകജനതയെ ബോധവത്കരിക്കുകയാണ വർഷാചരണത്തിന്റെ ലക്ഷ്യം.ലോകമെമ്പാടുമായി പവിഴപ്പുറ്റുകൾ ഇന്ന് സർവമാശത്തിന്റെ പാതയിലാണ്. പരിസ്ഥതി മലിനീകരണവും ആഗോളകാലാവസ്ഥയിൽ വന്നുചേർന്നിരിക്കുന്ന ദ്രുതമാറ്റങ്ങളുമാണ് പവിഴപ്പുറ്റുകളെ നാശോന്മുഖമാക്കുന്നത്. സർക്കാരും സർക്കാരിതരമേഖലയും സംയോദജിച്ചുകൊണ്ടുള്ള സംരക്ഷണപദ്ധതികളിലീടെ മാത്രമേ പവിഴപ്പുറ്റുകളുടെ സുരക്ഷയും സുസ്ഥിരതയും ഉറപ്പുവരുത്താനാവൂ. ഇതിനായുള്ള ഒരു അന്താരാഷ്ട്രവേതിയും വിവരവിനിമയത്തിനായുള്ള ഒരു ഏകജാലകവും ഒരുക്കുകയാണ് വർഷാചാരണത്തിന്റെ ലക്ഷ്യംജന്തുശാസ്ത്ര പരമായ വർഗീകരണമനുസരിച്ച് 'അന്തോസോവ' (Anthozoa) എന്ന വിഭാഗത്തിലുൾപ്പെടുന്നഫൈലം നിഡേരിയയിലെ (Phylum Cnidarians) അംഗങ്ങളാണ് കോറലുകൾ. സമുദ്രത്തിൽ നടത്തുന്ന ഖനനം, കപ്പൽചാൽ, ഉറമുഖനിർമാണം, മലിനീകരണം, നഗരവത്കരണം, കാർഷികപ്രവർത്തനങ്ങൾ, കാലാവസ്ഥാ മാറ്റം തുടങ്ങി ഒട്ടനവധി കാരണങ്ങൾ പവിഴപ്പുറ്റുകളുടെ നാശത്തിനുപിന്നിലുണ്ട്. സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്തനം (Blast fishing) പവിഴപ്പുറ്റുകൾക്ക് ഭീഷണിയായത്. ഹരിതഗൃഹ വാതകത്തിൽപ്പെടുന്ന കാർബൺഡൈ ഓക്സൈഡ്അധികമായി അന്തരീക്ഷത്തിലെത്തുന്നതും അധികമായി അന്തരീക്ഷത്തിലെത്തുന്നതും അമിതമായി സമുദ്രത്തിൽ ലയിക്കുന്നതും കടൽജലത്തിന്റെ അമ്ലത വർധിക്കാൻ ഇടയാക്കും. അതിലൂടെ പി എച്ച് മൂല്യത്തിൽ വരുന്ന മാറ്റവും പവിഴപ്പുറ്റുകളുടെ നാശത്തിന് വഴിയൊരുക്കുന്നു. 2030- തോടെ ലോകത്തിലെ പവിഴപ്പുറ്റുകളിൽ 50 ശതമാനത്തിലേറെയും ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാവുമെന്നാണ് കണക്ക്.

**അശ്വിൻ കുമാർ**

9B



# പ്രളയം

ദൈവത്തിൻ നാടെന്നറിയപ്പെടുന്ന ഈ

നാടിനിതെന്തു പറ്റി

കുത്തിയൊഴുകുന്ന പുഴകളും നദികളും

നിറയുന്ന നാടിന്റെ വേദനയ്ക്കോ........

പാർപ്പിടമില്ലാതെ തിരയുന്ന നാമിന്നു

ഇനിയൊരു പുതുജിവതം

മിണ്ടപ്രാണികളുടെ വനരോദനത്തിൽ

മനുജർ തൻ മൗനനൊമ്പരം

ഹോമിച്ചീടുന്ന കാലം

പ്രവാഹമായ് സഹായഹസ്തങ്ങൾ.......

# ലഹരിയും യുവത്വവും

ഇന്ന് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ലഹരി വസ്തുക്കളുടെ ഉപയോഗം.അത് നമ്മുടെ ഭാവിവാക്ദാനങ്ങളെ കാർന്ന് തിന്നുകൊണ്ടിരിക്കുകയാണ്.ലഹരിവസ്തുക്കളുടെ ഉപയോഗം കൂടുതലായും ബാധിച്ചിരിക്കുന്നത് നമ്മുടെ നാടിന്റെ സ്വത്തായ യുവാക്കളെ തന്നെയാണ്. ഊർജ്ജസ്വലരായിനിന്ന് നമ്മുടെ നാടിനെ വളർത്തിയെടുക്കേണ്ട അവർ ഇന്ന് നാടിനെ തളർത്തുകയാണ് ചെയ്യുന്നത്.യുവാക്കൾക്ക് പുറമേ ചെറിയ സ്കൂൾ കുട്ടികൾ വരെ ലഹരിക്ക് അടിമകളാവുകയാണ്.ഇവയെ പ്രോത്സാഹിപ്പിക്കുന്നത് നമ്മുടെ സമൂഹം തന്നെയാണ്.മിക്യ സ്കൂളുകളെയും കേന്ദ്രീകരിച്ച് ധാരാലം ലഹരിമാഫിയകൾ പ്രവർത്തിക്കുന്നുണ്ട്. അവർ സ്നേഹം നടിച്ചും മറ്റും കുട്ടികളെ ലഹരിയുടെ വലയിലാക്കുകയാണ്.അവർക്ക് ലാഭം മാത്രം മതി.പെൺകുട്ടികളും ഇതിന് അടിമകളാകുന്ന കാഴ്ച്ച ഇന്ന് കാണാൻ സാധിക്കുന്നു.മദ്യവും മയക്കമരുന്നും മറ്റും ഉപയോഗിക്കില്ല എന്ന് പറയുന്നത് യുവാക്കൾക്ക് എന്തോ ഒരു കിരച്ചൽ പോലെയാണ്,അല്ലെങ്കിൽ താൻ ഒന്നിനും കൊള്ളില്ല എന്ന മനോഭാവമാണ്.നമുക്കറിയാം നമ്മുടെ കുഞ്ഞനുജനും,അനുജത്തിമാരും കഴിക്കുന്ന മിഠയിൽ പോലും ലഹരിവസ്തുക്കൾ ധാരാളമായി അടങ്ങിയിട്ടുണ്ട്.അവ വീണ്ടും വീണ്ടും വാങ്ങാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു.കടഉടമകളും അവ പ്രോത്സാഹിപ്പിക്കുന്നു.കാരണം അവരുടെ ലക്ഷ്യം ലാഭമാണ്.

ഇന്ന് നമുക്കറിയാം,രാവിലെ പത്രം തുറന്നാൽ മനസ്സിനെ വേദനിപ്പിക്കുന്ന വാർത്തകളാണ് കൂടുതലും.പീഡനങ്ങളും,അത് സ്വന്തം അച്ഛൻ മകളെ പീഡിപ്പിക്കുന്നു,അധ്യാപകൻ വിദ്യാർത്ഥിനിയെ,മകൻ അമ്മയെ,കൊന്നു,തുടങ്ങി അനവധി മനസാക്ഷിയെ മരവിപ്പിക്കുന്ന വാർത്തകളാണ്.ഇങ്ങനെയുള്ള നിഷ്ഠുര പ്രവർത്തികളുടെ പ്രധാന കാരണം ലഹരിയുടെ ഉപയോഗം തന്നെയാണ്.ലഹരിയുടെ പുറത്ത് അബോധാവസ്ഥയിൽചെയ്യുന്ന കാര്യങ്ങളാണ് ഏറക്കുറെ ഇവയെല്ലാം.

ലഹരിക്കായ് പണം കിട്ടാതെ വരുമ്പോൾ സ്വന്തം അച്ഛന്റെ പോക്കറ്റിൽ നിന്നുവരെ പണം അടിച്ചുമാറ്റാൻ ഒരു കുട്ടി തയ്യാറാകുന്നു.ഒരിക്കലും പിടിക്കപ്പെടാതിരുന്നാൽ പിന്നെ അത് മോഷ്ടിക്കാനുള്ള ഒരു പ്രചോദനമാകുന്നു.ലഹരി ഈ ലോകത്തിന്റെ വാഗ്ദാനമായ യുവത്വത്തെ ഒരു മോഷ്ടാവയാണ് ലോക--ത്തിന് സമ്മാനിക്കുന്നത്.അനീതിക്കെതിരെ ശബ്ദിക്കേണ്ടവൻ അനീതിയായി ശബ്ദിക്കുന്നു ലഹരി വാങ്ങാനായി സ്വന്തം അമ്മയുടെ മാലപൊട്ടിച്ച് വരെ കൊല്ലാൻ പോലും മടിയില്ലാത്ത ഒരാളായി മാറ്റുകയാണ് ലഹരി ചെയ്യുന്നത്.ചുരച്ചുക്കത്തിൽ പറഞ്ഞാൽ ലോകത്തിന്റെ വെളിച്ചത്തെ, അല്ലെങ്കിൽ ലോകത്തിന്റെ സ്പനത്തെ ലഹരിയെ നാളെയുടെ പേടിസ്പനമാക്കുന്നു

യുവത്വങ്ങൾ ഇതല്ല അവർ എനി ലോകം എങ്ങനെ വേണം എന്നു തിരുമാനിക്കണ്ടവരാണ്. വിളക്കാണ് ,വെളിച്ചമാണ് ലഹരിയെന്ന അന്തകാരത്തിൽ പോലും കത്തിജ്വലിക്കേണ്ട വെളിച്ചം.ലഹരിയെന്ന മാറാല നീക്കി ലോകത്തിലേക്ക് പറന്നുയരുന്ന പൂമ്പാറ്റകളായി വരുന്ന ,തിരിച്ചറിവിന്റെ യുവത്വങ്ങൾക്കായി നമുക്ക് കാത്തിരിക്കാം

ഒരു ശുഭപ്രതീക്ഷയോടെ...................

**അനഘ.എം , വിഎച്ച്സി 2year**

## മാനവികതയുംവിദ്യാർത്ഥികളും

**അന്യജീവനതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ**

വ്യഥകളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നവർ തന്നെയാണ് യാഥാർത്ഥ്യത്തിൽ വിവേകികൾ ജീവിത മൂല്യങ്ങൾ പ്രധാനപ്പെട്ടതായ മാനവികതയ്ക്ക് ആശാൻ നൽകിയ നിർവ്വചനം വളരെ ശരിയായിരുന്നു. ധാരാളം അറിവ് നേടിയവർ ജ്ഞാനിയാണെങ്കിൽ അറിവുകൾ മറ്റുള്ളവരുടെ നന്മയ്ക്കായ് വിനിയോഗിക്കുന്നവൻ വിവേകിയാണ്.പുത്തൻ തലമുറയ്ക്കായ് അറിവുകൾ നേടിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ജ്ഞനിയേക്കാൾ വിവേകിയാവാൻവേണ്ടിയാണ്പരിശ്രമിക്കേണ്ടത് .ക്ലാസ്സിൽ അടുത്തിരിക്കുന്നവന്റെ പ്രശ്നം തിരിച്ചറിഞ്ഞ് പരിഹരക്കാനുള്ള മനോഭാവം ക്ലാസ്സിൽ നിന്നും സ്കൂളിലേക്കും,ആ പ്രദേശത്തേക്കും ഈ സമൂഹത്തിൽ നിറയ്ക്കാൻ കഴിവുള്ളവരാണ് ഭാവി വാഗ്ദാനമായ വിദ്യാർത്ഥികൾ.നല്ല ഉദ്യോഗസ്ഥരേക്കാൾ നല്ല മനുഷ്യനാക്കി മാറ്റാനാണ് വിദ്യഭ്യാസം ലക്ഷ്യമിടുന്നത് .അതിനാൽ വിദ്യാഭ്യാസത്തിന്റെ അർത്ഥവത്തായ പൂർണതയിലെത്തിക്കാൻ നാമോരോരുത്തരും പരിശ്രമിക്കണം.പഠനത്തിൽ അറിവിനൊപ്പം ജാതി-മത-വർഗ-ലിംഗ വ്യത്യാസങ്ങളില്ലാതെ മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്ന കഴിയുന്ന മാനവികതയും അതിൽ കലർത്തേണ്ടതുണ്ട്.

മാനവികതയുടെ വലിയ മുന്നേറ്റമാണ് ഈയടുത്ത പ്രളയകാലത്ത് കേരളത്തിൽ നമ്മുക്ക് കാണാൻ കഴിയുന്നത്.പ്രളയജലത്തിൽ മുങ്ങിത്താഴ്ന്ന കൈകളെ പിടിച്ചു കരകയറ്റാൻ കേരളം ഒട്ടാകെ പരിശ്രമിച്ചു.അതിൽ ഹിന്ദുവെന്നോ മുസൽമാനെന്നോ ക്രിസ്റ്റ്യനെന്നോ ഉണ്ടായിരുന്നില്ല.
മനുഷ്യൻ എന്ന ചിന്ത മാത്രമായിരുന്നഅതിൽ നിറഞ്ഞുനിന്നത്.കണ്മുന്നൽ നിന്ന് വീടും സമ്പാദ്യവും പ്രീയപ്പെട്ടവരെപ്പോലും ഓരോ മനുഷ്യനും കൈത്താങ്ങായ് നിന്നത് കേരളം ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനങ്ങളായിരുന്നു.സ്വന്തം ജീവൻ പോലും പണയപ്പെടുത്തിയാണ് ഓരോ മനുഷ്യനും രക്ഷാപ്രവർത്തനങ്ങൾത്തായി ഇറങ്ങിയത്.തന്റെ സർവ്വസ്വത്തും നഷ്ടപ്പെട്ടപ്പോഴും തന്റെ വളർത്തു മൃഗമായ നെഞ്ചോട് ചേർത്ത് വീട് വിട്ടിറങ്ങിയ പെൺക്കുട്ടിയെയും ഉരുൾപ്പൊട്ടലിലുണ്ടായ മണ്ണിടിച്ചലിൽപ്പെട്ട ഒരു കുഞ്ഞുകുട്ടിയെ സുരക്ഷകളില്ലാതെ ചെളിയിലിറങ്ങി കോരിയെടുത്ത് ആശുപത്രിയിലേക്കോടിയ ഒരു ഫയർഫോഴ്സ് ഉദ്യോഗസ്ഥന്റെയും അനുഭവങ്ങൾ പത്രമാധ്യമങ്ങളിൽ പ്രചരിച്ചിരുന്ന ഇവയൊക്കെയും മാനവികതയിൂന്നിയതാണ്.ആരെന്നറിയാത്ത ആ കൊച്ചു കുട്ടി രക്ഷപ്പെടണേ എന്നായിരുന്ന ആ ഉദ്യോഗസ്ഥന്റെ.എല്ലാം നഷ്ടപ്പെട്ടപ്പോൾ തന്റെ മുയലിനെ ഉപേക്ഷിക്കാൻ അ കുട്ടിയും തയാറായിരുന്നില്ല.മനുഷ്യന് മനുഷ്യനോട് മാത്രമല്ല ഭ്രമിയിലെ സർവ്വചരാചരങ്ങളോടും ഉള്ള അനുകമ്പ വെളിപ്പെടുത്തുന്ന അനുഭവങ്ങളാണ് പ്രളയം നൽകിയത്.പട്ടിണിയിൽ കഴിയുന്ന തന്റെ കുടിലുകൾ വിട്ട് ആകെയുള്ള സ്വത്തായ വള്ളവും എടുത്ത് രക്ഷാപ്രവർത്തനത്തിനിറങ്ങയ മൽസ്യത്തൊഴിലാളികളും ഉള്ളവനവോ ഇല്ലാത്തവനോ വകഭേതമില്ലാതെ ഏവരേയും മനുഷ്യനായി കാണാൻ പ്രളയം പഠിപ്പിച്ചു.അമ്പലങ്ങളും,പള്ളിയും പ്രളയം വിഴങ്ങിയപ്പോൾ സഹായത്തിനെത്തിയത് ദൈവങ്ങളല്ല മനുഷ്യരായിരുന്നു.
നിപ എന്ന വിപത്ത് കേരളത്തെ ബാധിച്ചപ്പോഴും മഴയെയും മറ്റ് പ്രതികൂല സാഹചര്യങ്ങളെയൊക്കെ മറികടന്നുകൊണ്ട് ഹിന്ദുവെന്നോ മുസൽമാനെന്നോ ഇല്ലാതെ ഓരോ രോഗിക്കും എല്ലാ സഹായങ്ങളും ചെയ്ത ആശുപത്രി ജീവനക്കാരും വിവേകികളുടെ വലിയൊരു പ്രതീകമായി മാറുന്നു.ന്ദ

ജീവിത മൂല്യങ്ങൾ എന്നും നമ്മെ നന്മയിലേക്ക് നയിക്കുന്നു.ഏവരെയും സമഭാവനയോടെ കാണുകയും അന്യന്റെ ദുഖങ്ങളിൽ പങ്കുചേരുകയും ചെയ്തത് പുതിയോരു ലോകത്തെ സൃഷ്ടിക്കാം.അതിനായി വിദ്യാർത്ഥികളായ ഏവർക്കും കൈകോർക്കാം

ലയ.സി.വി.

10.ബി

തെറ്റ് കുറ്റങ്ങൾ ക്ഷമിക്കുക,പൊറുക്കുക,സഹകരിച്ച എല്ലാവർക്കും നന്ദി

സ്റ്റുഡന്റ് എഡിറ്റർ